*ഉത്തരം*

(എ) അപ്രകാരമൊരു വ്യവസ്ഥ ഗഹാൻ സംബന്ധിച്ച നിയമ/ചട്ട വ്യവസ്ഥകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബോണ്ട് രജിസ്റ്റർചെയ്ത പകർപ്പ് സംഘത്തിൽ ലഭിക്കുന്ന ദിവസം വായ്പ നൽകുകയാണ് ചെയ്യുന്നത്. ഇപ്പോൾ ഗഹാൻ രജിസ്റ്റർചെയ്ത പകർപ്പ് സംഘത്തിൽ ലഭിക്കുന്നമുറയ്ക്ക് വായ്പ നൽകുന്നുണ്ട്.

(സി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ**

94 [3608] *ശ്രീ. കെ. എ,. ചന്ദ്രൻ:*
*ഡോ. എം. എ. കുട്ടപ്പൻ:*
*ശ്രീ. കെ. സുധാകരൻ:*
*,, ടി. യു. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കിയോ; എങ്കിൽ എന്നുമുതൽ;

(ബി) ഗവൺമെന്റ് ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യം പുനഃസ്ഥാപിച്ചപ്പോൾ സഹകരണ ജീവനക്കാർക്കും ആനുകൂല്യം പുനഃസ്ഥാപിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കിയിരുന്നപ്പോൾ ഗവൺമെന്റിന്റെ അനുമതികൂടാതെ ഏതെങ്കിലും സഹകരണ സ്ഥാപനം ലീവ് സറണ്ടർ ആനുകൂല്യം പുനഃസ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം; ഇവയിൽ എത്രയെണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെന്ന് അറിയിക്കാമോ?

*ഉത്തരം*

(എ) നിർത്തലാക്കിയിരുന്നു. സർക്കാരിന്റെ 3-6-2002-ലെ ജി. ഒ. (പി.) നം. 349/2002/ഫിൻ നമ്പർ ഉത്തരവ് പ്രകാരം 16-1-2002-ലെ ജി. ഒ. (പി.)നം. 86/2002-ാം നമ്പർ ഉത്തരവ് സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുംകൂടി ബാധകമാക്കിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുനഃസ്ഥാപിച്ചു,

(സി) ഉണ്ട്. സഹകരണ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം നിർത്തലാക്കിയിരുന്നപ്പോൾ ഗവൺമെന്റിന്റെ അനുമതി കൂടാതെ 364 സഹകരണ സ്ഥാപനങ്ങൾ ലീവ് സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇവയിൽ 212 എണ്ണം നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്.

**അടയ്ക്കാ കർഷകർക്ക് സഹായം**

95 [3609] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടയ്ക്കക്കുണ്ടായ വിലത്തകർച്ചയെത്തുടർന്ന് സഹകരണ സംഘങ്ങൾ വഴി എടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത നൂറിലധികം അടയ്ക്കാ കർഷകർ കാസർഗോഡ് ജില്ലയിൽമാത്രം ആത്മഹത്യ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് താലൂക്കിൽ മാത്രം 143 കർഷകരുടെ കിടപ്പാടമുൾപ്പെടെയുള്ള കൃഷിസ്ഥലം സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ജപ്തിചെയ്ത് ലേലംചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അടയ്ക്കാ കർഷകരുടെ ഈ ദയനീയസ്ഥിതി കണക്കിലെടുത്ത് എന്തെല്ലാം നടപടികളാണ് സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ജപ്തി നടപടികൾ നിർത്തിവച്ച് കാർഷിക വായ്പയുടെ പലിശയും പിഴപ്പലിശയുംമറ്റും പൂർണ്ണമായും ഇളവ് ചെയ്ത് നാമമാത്ര പലിശചുമത്തി വായ്പാമുതൽ തിരിച്ചടയ്ക്കാനുള്ള കാലാവധി ദീർഘിപ്പിച്ചുനൽകുവാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പ്രത്യേക സഹായം ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

GPM. 2/611/2012—17

LIBRARY ARCHIVES Kerala Legislative Assembly